● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

നിസ്സംശയം, ചന്ദ്രൻ സാക്ഷി!

(അധ്യായം 74 • മുദ്ദഥിർ)

وَمَا جَعَلْنَآ أَصْحَٰبَ ٱلنَّارِ إِلَّا مَلَٰٓئِكَةً ۙ وَمَا جَعَلْنَا عِدَّتَهُمْ إِلَّا
فِتْنَةً لِّلَّذِينَ كَفَرُوا۟ لِيَسْتَيْقِنَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَيَزْدَادَ
ٱلَّذِينَ ءَامَنُوٓا۟ إِيمَٰنًا ۙ وَلَا يَرْتَابَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ وَٱلْمُؤْمِنُونَ ۙ
وَلِيَقُولَ ٱلَّذِينَ فِى قُلُوبِهِم مَّرَضٌ وَٱلْكَٰفِرُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا
مَثَلًا ۚ كَذَٰلِكَ يُضِلُّ ٱللَّهُ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۚ وَمَا يَعْلَمُ
جُنُودَ رَبِّكَ إِلَّا هُوَ ۚ وَمَا هِىَ إِلَّا ذِكْرَىٰ لِلْبَشَرِ ﴿٣١﴾ كَلَّا
وَٱلْقَمَرِ ﴿٣٢﴾ وَٱلَّيْلِ إِذْ أَدْبَرَ ﴿٣٣﴾ وَٱلصُّبْحِ إِذَآ أَسْفَرَ ﴿٣٤﴾
إِنَّهَا لَإِحْدَى ٱلْكُبَرِ ﴿٣٥﴾ نَذِيرًا لِّلْبَشَرِ ﴿٣٦﴾ لِمَن شَآءَ
مِنكُمْ أَن يَتَقَدَّمَ أَوْ يَتَأَخَّرَ ﴿٣٧﴾

31. നരകത്തിൽ പാറാവുകാരായി മലക്കുകളെയാണ് നാം നിശ്ചയിച്ചിട്ടുള്ളത്. അവരുടെ എണ്ണം നിഷേധികൾക്ക് ഒരു പരീക്ഷണവിഷയം മാത്രമാണ്. വേദക്കാർക്ക് ദൃഢബോധ്യം വരാൻ, സത്യവിശ്വാസികൾക്ക് വിശ്വാസം വർധിക്കാൻ, വേദക്കാരും സത്യവിശ്വാസികളും സംശയിക്കാതിരിക്കാൻ. അതോടൊപ്പം മനസ്സിൽ രോഗമുള്ള കപടവിശ്വാസികളും നിഷേധികളും ഇതുകൊണ്ടൊക്കെ അല്ലാഹു എന്താണാവോ ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കാൻ എന്നിവക്ക് വേണ്ടിയത്രെ അത്. അല്ലാഹു താനുദ്ദേശിച്ചവരെ പിഴപ്പിക്കുന്നതും തനിക്ക് ബോധിച്ചവരെ നേർവഴി കാണിക്കുന്നതും ഇപ്രകാരമത്രെ. താങ്കളുടെ നാഥന്റെ സൈന്യത്തെ അവന് മാത്രമേ അറിയൂ. നരകം മനുഷ്യരെ ഉത്ബുദ്ധരാക്കാൻ വേണ്ടിതന്നെയുള്ളതാണ്.

32-34. നിസ്സംശയം, ചന്ദ്രൻ സാക്ഷി! മാഞ്ഞുപോകുന്ന രാത്രി സാക്ഷി! പുലരുന്ന പ്രഭാതം സാക്ഷി!

35. തീർച്ചയായും നരകം ഒരതിഭീകര സംഭവം തന്നെയത്രെ!

36. മനുഷ്യർക്കുള്ള ഒരു മുന്നറിയിപ്പാണത്.

37. ഇനി നിങ്ങൾക്ക് മുന്നോട്ടോ പിന്നോട്ടോ എങ്ങോട്ടുവേണമെങ്കിലും പോകാം.

പദവിശകലനം

وما جعلنا നാം ആക്കിയിട്ടില്ല, **أصحاب النار** നരകത്തിന്റെ ആൾക്കാരെ, **إلا ملكا** മലക്കുകളെയല്ലാതെ, **وما جعلنا** നാം ആക്കിയിട്ടില്ല, **عدتهم** അവരുടെ എണ്ണത്തെ,**إلا فتنة** ഒരു പരീക്ഷണമല്ലാതെ, **للذين كفروا** അവിശ്വസിച്ചവർക്ക്, **ليستيقن** ഉറപ്പാക്കുവാൻ വേണ്ടി, **الذين أوتوا** നൽകപ്പെട്ടവർ, **الكتاب** വേദഗ്രന്ഥം, **ويزداد** അധികരിക്കാനും, **الذين آمنوا** വിശ്വസിച്ചവർക്ക്, **إيمانا** വിശ്വാസം, **ولا يرتاب** സംശയിക്കാതിരിക്കാനും, **الذين أوتو الكتاب** വേദഗ്രന്ഥം നൽകപ്പെട്ടവർ, **والمؤمنون** സത്യവിശ്വാസികളും, **وليقول** പറയുവാൻവേണ്ടിയും, **الذين** യാതൊരുവർ, **في قلوبهم** അവരുടെ ഹൃദയങ്ങളിലുണ്ട്, **مرض** ഒരുതരം രോഗം, **والكافرون** അവിശ്വാസികളും, **ماذا أراد** എന്താണ് ഉദ്ദേശിച്ചിരിക്കുന്നത്, **الله** അല്ലാഹു, **بهذا** ഇതുകൊണ്ട്, **مثلا** ഉപമ, **كذلك** അപ്രകാരം, **يضل الله** അല്ലാഹു വഴിപിഴപ്പിക്കുന്നതാണ്, **من يشاء** താനുദ്ദേശിക്കുന്നവരെ, **ويهدى** അവൻ സന്മാർഗത്തിലാക്കുകയും ചെയ്യും, **من يشاء** താനുദ്ദേശിക്കുന്നവരെ, **وما يعلم** അറിയുകയില്ല, **جنود ربك** താങ്കളുടെ നാഥന്റെ സൈന്യത്തെ, **إلا هو** അവ

നല്ലാതെ, **وما هي** അത്(നരകം) അല്ല, **إلا ذكرى** ഉത്ബുദ്ധരാക്കാൻ വേണ്ടിയല്ലാതെ, **للبشر** മനുഷ്യർക്ക്, **كلا** നിസ്സംശയം, **والقمر** ചന്ദ്രൻ സാക്ഷി, **والليل** രാത്രി സാക്ഷി, **والصبح إذا أدبر** അത് മാഞ്ഞുപോകുമ്പോൾ, പ്രഭാതം സാക്ഷി, **إنها إذا أسفر** അത് പുലരുമ്പോൾ, തീർച്ചയായും അത് (നരകം), **لإحدى** ഒരു കാര്യം തന്നെ, **الكبرى** ഭീകരസംഭവം, **نذيرا** ഒരു മുന്നറിയിപ്പാണത്, **للبشر** മനുഷ്യർക്ക്, **لمن شاء** ഉദ്ദേശിക്കുന്നവർക്ക്, **منكم** നിങ്ങളിൽനിന്ന്, **أن يتقدم** മുന്നോട്ടുപോകാം, **أو** അല്ലെങ്കിൽ, **يتأخر** പിന്നോട്ട് പോകാം.

ആശയം

നരകത്തിന്റെ മേൽനോട്ടം നിർവഹിക്കാൻ പത്തൊമ്പത് മലക്കുകളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ മലക്കുകളിൽ നിന്ന് ഓരോരുത്തരെ നിങ്ങളിൽ ഓരോരുത്തർക്ക് കൈകാര്യം ചെയ്തുകൂടേ? അബൂജഹ്ലിന്റെ ചോദ്യം. പതിനേഴുപേരുടെ കാര്യം ഞാൻ ഒറ്റയ്ക്ക് നോക്കിക്കൊള്ളാം. ബാക്കി രണ്ടുപേരുടെ കാര്യം നിങ്ങൾ നോക്കിയാൽ മതി'. പരിഹാസപൂർവം മറ്റൊരുവന്റെ മറുപടി. നിങ്ങളെയെല്ലാം കൈകാര്യം ചെയ്യാൻ ഒറ്റ മലക്ക് മാത്രം മതി. പിന്നെ എങ്ങനെ പത്തൊൻപത് മലക്കുകളിൽനിന്ന് നിങ്ങൾക്ക് രക്ഷപ്പെടാനാവുക. അല്ലാഹു നൽകുന്ന ദിവ്യസന്ദേശങ്ങളിൽ അടങ്ങിയ ഉള്ളടക്കത്തെ സംബന്ധിച്ച് വിശ്വാസികൾക്ക് ഒട്ടും സന്ദേഹത്തിന്റെ പ്രശ്നമില്ല. വേദഗ്രന്ഥം യഥാവിധി മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് അവരുടെ വിശ്വാസത്തിന്റെ ദൃഢീകരണത്തിന് അതുപകരിക്കും. എന്നാൽ നിഷേധികൾ മലക്കുകളുടെ എണ്ണത്തെച്ചൊല്ലി ആവശ്യമില്ലാത്ത സന്ദേഹങ്ങളുന്നയിച്ച് സ്വയം അപഹാസ്യരാവുകയാണ്. എന്നാൽ നിഷേധികളെ ശിക്ഷയ്ക്ക് വിധേയരാക്കുവാൻ അല്ലാഹുവിന് ഈ പാറാവുകാരുടെയൊന്നും ആവശ്യമില്ല എന്നോർക്കുക. അല്ലാഹുവിന്റെ സൈന്യങ്ങൾ അപരിമേയവും അവന്റെ കഴിവുകൾ അനന്തവുമാകുന്നു.

സത്യസന്ദേശങ്ങളുടെ നേരെ നിഷേധാത്മക മനോഭാവം പുലർത്തുന്നവർക്കുള്ള സങ്കേതമാണ് സഖർ. ചന്ദ്രൻ, രാത്രി, പ്രഭാതം എന്നിവയിലടങ്ങിയ ദൃഷ്ടാന്തങ്ങൾ ആലോചനാ വിഷയമാക്കുക. ഇത്തരം ദൃഷ്ടാന്തങ്ങൾ പ്രാപഞ്ചിക യാഥാർഥ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. ഈ പ്രപഞ്ചത്തിന്റെ നാശത്തിന് ശേഷം വിചാരണയുടെ നാളിൽ കുറ്റവാളികൾക്കായി ഒരുക്കപ്പെട്ട സഖർ പ്രാപഞ്ചിക സത്യങ്ങളിൽ പെട്ട ഒന്നാണ്. അത് അതീവ ഗൗരവപ്പെട്ട പരമാർഥമാണ്. മനുഷ്യർക്കുള്ള ഒരു മുന്നറിയിപ്പുമാണ്. ഈ മുന്നറിയിപ്പ് വേണമെങ്കിൽ നിങ്ങൾക്ക് മുഖവിലക്കെടുക്കാം. അതല്ലെങ്കിൽ തള്ളിക്കളയാം. അത് നിങ്ങളുടെ സ്വാതന്ത്ര്യം. നിങ്ങൾ ചിന്തിക്കുന്നവരാണെങ്കിൽ ഈ സത്യ യാഥാർഥ്യങ്ങളെ യഥാവിധി പഠനവിധേയമാക്കി ഉൾക്കൊള്ളാൻ സന്നദ്ധരാവുക.

അല്ലാഹുവിന്റെ സൈന്യത്തിന്റെ എണ്ണം

അല്ലാഹുവിന്റെ സൈന്യത്തിന്റെ എണ്ണത്തെപ്പറ്റി അല്ലാഹു തന്നെയാണ് ശരിക്കും അറിയുന്നവൻ. ആ കാര്യത്തിൽ നിങ്ങളുടെ തർക്കത്തിന് പ്രസക്തിയില്ല എന്ന കാര്യം ചൂണ്ടിക്കാട്ടിയത് പ്രത്യേകം ശ്രദ്ധേയമാണ്.

وما يعلم جنود ربك إلا هو

"നിന്റെ രക്ഷിതാവിന്റെ സൈന്യത്തെക്കുറിച്ച് അവന് മാത്രമേ അറിയാവൂ"

സംശയിക്കുന്നവർ

അല്ലാഹു നൽകിയ വിശദീകരണങ്ങളിൽ സന്ദേഹം പുലർത്തുന്നവർ നിഷേധാത്മക മാനസിക അവസ്ഥയുള്ളവരാണെന്ന് സൂറത്തുൽബഖറയിൽ വ്യക്തമാക്കുന്നു.

إِنَّ ٱللَّهَ لَا يَسۡتَحۡيِۦٓ أَن يَضۡرِبَ مَثَلٗا مَّا بَعُوضَةٗ فَمَا فَوۡقَهَاۚ فَأَمَّا ٱلَّذِينَ ءَامَنُواْ فَيَعۡلَمُونَ أَنَّهُ ٱلۡحَقُّ مِن رَّبِّهِمۡۖ وَأَمَّا ٱلَّذِينَ كَفَرُواْ فَيَقُولُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلٗاۘ يُضِلُّ بِهِۦ كَثِيرٗا وَيَهۡدِي بِهِۦ كَثِيرٗاۚ وَمَا يُضِلُّ بِهِۦٓ إِلَّا ٱلۡفَٰسِقِينَ ٢٦

നിസ്സാരമായ ഒരു കൊതുകിനെപ്പോലും ഉദാഹരണമായി ചൂണ്ടിക്കാട്ടാൻ അല്ലാഹുവിന് മടിയേതുമില്ല. വിശ്വാസികൾക്കറിയാം അത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന്. നിഷേധികളാകട്ടെ, ഇത്തരം ഉദാഹരണംകൊണ്ടു ദൈവം എന്താണുദ്ദേശിക്കുന്നതെന്ന് ചോദിച്ചുകളയും. എന്നാൽ ആ ഉപമ നിമിത്തം അല്ലാഹു അനേകരെ നേർവഴിക്കാക്കുന്നു. മറ്റനേകരെ വഴിതെറ്റിക്കുന്നു" (അൽബഖറ 26)

ഇഷ്ടമുള്ളവർക്ക് വിശ്വസിക്കാം

സത്യം വ്യക്തമാക്കിത്തരുന്നു. ഇഷ്ടമുള്ളവർക്ക് അത് സ്വീകരിക്കാം. അല്ലാത്തവർക്ക് നിഷേധിക്കാം. സൂറത്തുൽ കഹ്ഫിൽ പറയുന്നു:

وَقُلِ ٱلۡحَقُّ مِن رَّبِّكُمۡۖ فَمَن شَآءَ فَلۡيُؤۡمِن وَمَن شَآءَ فَلۡيَكۡفُرۡۚ

"പറയുക, സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ" (അൽകഹ്ഫ് 29) ●